ആദിവാസി സെറ്റിൽമെന്റുകളിൽ വിദഗ്ധ ചികിത്സ ലഭ്യമാക്കാൻ നടപടി

106 [1451] ശ്രീ. വർക്കല കഹാർ:
,, കെ. എ. ചന്ദ്രൻ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി സെറ്റിൽമെന്റുകളിൽ പ്രാഥമിക ചികിത്സയ്ക്കും വിദഗ്ധ ചികിത്സയ്ക്കുമുള്ള എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്;

(ബി) ആദിവാസി സെറ്റിൽമെന്റുകളിൽ പ്രാഥമിക ചികിത്സയും വിദഗ്ദ്ധ ചികിത്സയും എത്തിക്കുന്നതിനോ ആദിവാസികളായ രോഗികളെ പ്രാഥമിക ചികിത്സയും വിദഗ്ധ ചികിത്സയും കിട്ടുന്ന സ്ഥലങ്ങളിൽ കൊണ്ടുപോയി ചികിത്സ ലഭ്യമാക്കുന്നതിനോ ഉള്ള ഒരു പദ്ധതി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആദിവാസി പ്രാതിനിധ്യം പത്ത് ശതമാനത്തിലധികമുള്ളയിടങ്ങളിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ 45 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 17 ആയുർവേദ ഡിസ്പെൻസറികളും ഒരു ആയുർവേദ ആശുപത്രിയും 2 എ. എൻ. എം. സെന്ററുകളും 6 ഒ. പി. ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ ആരോഗ്യ വകുപ്പിന്റെ കീഴിലെ 11 ട്രൈബൽ മൊബൈൽ ഡിസ്പെൻസറികളും വഴിയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലെ രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകളും വഴിയും വിദൂര ആദിവാസി ഊരുകളിൽ മെഡിക്കൽ ക്യാമ്പുകളും ഇതിനുപുറമേ വിദഗ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. വിദഗ്ധ ചികിത്സയ്ക്കായി മാനന്തവാടിയിലെ ഹെൽത്ത് പ്രോജക്ട് ആശുപത്രിയിൽ സൗകര്യം ഏർപ്പെടുത്തുന്നതിനും അട്ടപ്പാടി ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) വിദഗ്ധ ചികിത്സ ആവശ്യമായ രോഗികളെ ചികിത്സാ സൗകര്യം ലഭ്യമായ സ്ഥലങ്ങളിൽ എത്തിക്കുന്നതിന് ഇപ്പോഴും നടപടി സ്വീകരിച്ചുവരുന്നുണ്ട്. നിലവിലുള്ള സംവിധാനം കാര്യക്ഷമമാക്കുന്നതിന് അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് വിനിയോഗിച്ച് നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. കൂടാതെ പ്രജനന ശൈശവ ആരോഗ്യ പരിപാടി (ആർ. സി. എച്ച്-II)-യുടെ ഭാഗമായി പ്രാഥമിക വിദഗ്ധ ചികിത്സാ സൗകര്യങ്ങളും ആദിവാസിമേഖലയിൽ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കൂരാച്ചുണ്ട് ആദിവാസി കോളനിയിലെ സൗകര്യങ്ങൾ

107 [1452] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് പഞ്ചായത്തിലെ കക്കയം അമ്പലക്കുന്ന് ആദിവാസി കോളനിയിൽ എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly